# Deepika

## 20 July 2018

## Kochi, Heavy Rain, Flood



**മഴ തുടരുന്നു** താഴ്ന്നസ്ഥലങ്ങൾ വെള്ളത്തിൽ തന്നെ

**കൊച്ചി:** രണ്ടു ദിവസമായി മഴയുടെ തീവ്രത കുറഞ്ഞിരുന്നെങ്കിലും ഇന്നലെ പകൽ മഴ തുടർന്നതോടെ വെള്ളമിറങ്ങി തുടങ്ങിയ സ്ഥലങ്ങൾ വീണ്ടും ദുരിതത്തിൽ. മഴയും കടൽകയറ്റവും മൂലം ദുരിതത്തിലായ ചെല്ലാനം മേഖലയിൽ ജനജീവിതം സാധാരണനിലയിലാക്കാൻ തീവ്രയത്നപരിപാടിക്ക് ജില്ലാ ഭരണകൂടം രൂപം നൽകി.

തുടർച്ചയായ അവധിക്കുശേഷം വിദ്യാലയങ്ങൾക്ക് ഇന്നലെ പ്രവർത്തി ദിനമായിരുന്നു. പക്ഷേ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നതും വെള്ളക്കെട്ടുള്ളതുമായ സ്കൂളുകൾക്ക് അധികൃതർ അവധി നൽകി. മൂവാറ്റുപുഴ മേഖലയിൽ വെള്ളപ്പൊക്കം രൂക്ഷമായ മേഖലയിലെ സ്കൂളുകളിൽ വിദ്യാർഥികൾ എത്തിയില്ല.

കൊച്ചി നഗരത്തിൽ പൊതുവെ വെള്ളക്കെട്ട് കുറവായിരുന്നു. ഉദയ കോളനിയിലും പി ആൻഡ് ഡി കോളനിയിലും വെള്ളക്കെട്ട് ചെറിയ രീതിയിൽ ഇപ്പോഴും തുടരുകയാണ്. എംജി റോഡിൽ മെട്രോയുടെ പണികൾ പുരോഗമിക്കുന്ന മഹാരാജാസ് ജംഗ്ഷനിലും മേൽപ്പാലം നിർമാണം പുരോഗമിക്കുന്ന വൈറ്റില ജംഗ്ഷനിലും വെള്ളക്കെട്ട് ഒഴിഞ്ഞുവെങ്കിലും റോഡിലെ കുഴികളിൽ വെള്ളം നിറഞ്ഞു കിടക്കുന്നത് വാഹന യാത്രികരെ ബുദ്ധിമുട്ടിലാക്കുന്നു. പെരിയാർ കവിഞ്ഞൊഴുകയാണ്. ആലുവ മണപ്പുറത്ത് ഇപ്പോഴും വെള്ളം കയറിയ നിലയിലാണ്. മൂവാറ്റുപുഴയാറിലെ ജലനിരപ്പ് കുറഞ്ഞിട്ടുണ്ട്.

കൂത്താട്ടുകുളം വാളിയപ്പാടത്ത് വെള്ളക്കെട്ടുണ്ടെങ്കിലും കഴിഞ്ഞ ദിവസത്തെ അപേക്ഷിച്ച് കുറവാണ്. പള്ളുരുത്തി, വെളി, ഇടക്കൊച്ചി, തോപ്പുംപടിയിലെ താഴ്ന്ന പ്രദേശങ്ങൾ, മുണ്ടംവേലി എന്നിവിടങ്ങളിൽ വെള്ളം ഇറങ്ങിയിരുന്നെങ്കിലും ഇന്നലെ പെയ്ത മഴയിൽ വീണ്ടും വെള്ളം കയറി. പിറവം - കോട്ടയം റൂട്ടിൽ ഗതാഗതം വെള്ളക്കെട്ടിനെത്തുടർന്നു ഭാഗികമായി തടസപ്പെട്ടു. കളമ്പൂർ, തക്കാട്, പാഴൂർ മേഖലകൾ വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുകയാണ്. തൃപ്പൂണിത്തുറ മുതുകുളങ്ങര ക്ഷേത്രത്തിനു സമീപം വെള്ളക്കെട്ടുണ്ട്. പുത്തൻപാലം, മാമല ഭാഗങ്ങളിൽ വെള്ളം ഇറങ്ങി തുടങ്ങി.

അരൂർ പഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളും ഇപ്പോഴും വെള്ളത്തിൽതന്നെ. കിഴക്കമ്പലത്ത് അയ്യപ്പൻകവലയിൽ റോഡിൽ വെള്ളം കയറിയ നിലയിലാണ്. ആലങ്ങാട് തിരുമാലൂർ കുണ്ടേലി ഭാഗം, കരിമാലൂർ മണ്ടള കോളനി, കുന്നേൽപള്ളി പാനായിക്കുളം റോഡ്, കാരിപ്പുഴ എന്നിവിടങ്ങളിൽ വെള്ളക്കെട്ട് തുടരുകയാണ്. മട്ടാഞ്ചേരി മേഖലയിൽ വെള്ളമിറങ്ങി. കാലടി ചെങ്ങൽ, വട്ടത്തറ പ്രദേശങ്ങളിൽ വെള്ളക്കെട്ട് തുടരുന്നു.